**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2548** **02-08-2021 - ൽ മറുപടിയ്ക്ക്**

**അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും ഉപരിപഠനം ഉറപ്പുവരുത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മലബാർ മേഖലയിൽ പ്രത്യേകിച്ച് മലപ്പുറം ജില്ലയിൽ ഈ വർഷവും പ്ലസ് വൺ പ്രവേശനത്തിന് അനേകം വിദ്യാർത്ഥികൾക്ക് സീറ്റ് കിട്ടാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) | 2020-21 അധ്യയന വർഷം മലപ്പുറം ജില്ലയിൽ നിന്ന് 75554 വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പാസ്സായി ഉന്നത പഠനത്തിന് യോഗ്യത നേടിയിട്ടുണ്ട്. കഴിഞ്ഞ 5 വർഷത്തെ പ്രവേശന തോതനുസരിച്ച് എസ്.എസ്.എൽ.സി. പരീക്ഷ വിജയിക്കുന്നവരിൽ 67.92 ശതമാനം പേർ മാത്രമേ ഹയർ സെക്കണ്ടറി പ്ലസ് വൺ പ്രവേശനം നേടുന്നുള്ളൂ. കഴിഞ്ഞ അധ്യയന വർഷം എസ്.എസ്.എൽ.സി. പാസ്സായ 77370 കുട്ടികളിൽ 52727 പേർ മാത്രമാണ് പ്ലസ് വൺ പ്രവേശനം നേടിയിട്ടുള്ളത്. കൂടാതെ മലപ്പുറം ജില്ലയിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറിയ്ക്ക് 2790 സീറ്റുകൾ ഉണ്ട്. |
| (ബി) | അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും ഉപരിപഠനം ഉറപ്പുവരുത്തുന്നതിനായി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | 2020-21 അധ്യയന വർഷം മലപ്പുറം ജില്ലയിൽ നിന്ന് 75554 വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പാസ്സായി ഉന്നത പഠനത്തിന് യോഗ്യത നേടിയിട്ടുണ്ട്. കഴിഞ്ഞ 5 വർഷത്തെ പ്രവേശന തോതനുസരിച്ച് എസ്.എസ്.എൽ.സി. പരീക്ഷ വിജയിക്കുന്നവരിൽ 67.92 ശതമാനം പേർ മാത്രമേ ഹയർ സെക്കണ്ടറി പ്ലസ് വൺ പ്രവേശനം നേടുന്നുള്ളൂ. കഴിഞ്ഞ അധ്യയന വർഷം എസ്.എസ്.എൽ.സി. പാസ്സായ 77370 കുട്ടികളിൽ 52727 പേർ മാത്രമാണ് പ്ലസ് വൺ പ്രവേശനം നേടിയിട്ടുള്ളത്. കൂടാതെ മലപ്പുറം ജില്ലയിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറിയ്ക്ക് 2790 സീറ്റുകൾ ഉണ്ട്. |
| (സി) | അധിക ബാച്ചുകളും സീറ്റുവർദ്ധനവും നൽകുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്നറിയിക്കാമോ? | (സി) | ഗൗരവമായ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ